പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 968

02.12.2015 - ൽ മറുപടി നൽകേണ്ടിയിരുന്നത്

## തോട്ടം തൊഴിലാളികളുടെ കൂലി

ചോദ്യം

ശ്രീ.മുല്ലക്കര രത്നാകരൻ

ഉത്തരം

ശ്രീ. ഷിബു ബേബി ജോൺ
(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിവിധ തോട്ടങ്ങളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് സ്ത്രീ - പുരുഷ വ്യത്യാസത്തോടെ നൽകാമോ ;

(എ)

| ജില്ല | പുരുഷ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | ആകെ തൊഴിലാളികൾ |
|---|---|---|---|
| തിരുവനന്തപുരം | 361 | 409 | 770 |
| കൊല്ലം | 2,200 | 1,790 | 3,990 |
| പത്തനംതിട്ട | 1,438 | 1,111 | 2,549 |
| ആലപ്പുഴ | ---- | ---- | ---- |
| കോട്ടയം | 880 | 560 | 1,440 |
| ഇടുക്കി | 11,014 | 14,920 | 25,934 |
| എറണാകുളം | 677 | 335 | 1,012 |
| തൃശ്ശൂർ | 1,006 | 1,346 | 2,352 |
| പാലക്കാട് | 999 | 1,241 | 2,240 |
| മലപ്പുറം | 259 | 129 | 388 |
| കോഴിക്കോട് | 628 | 184 | 812 |
| വയനാട് | 2,576 | 4,530 | 7,106 |
| കണ്ണൂർ | 91 | 88 | 179 |
| കാസർഗോഡ് | 225 | 120 | 345 |
| ആകെ | **22,354** | **26,763** | **49,117** |

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തോട്ടം തൊഴിലാളികളുടെ കൂലി വർധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

(ബി) ഉണ്ട്. കൂലി വർദ്ധനവ് 05.02.2014-ലെ സ.ഉ (കൈ) നമ്പർ 15/14/തൊഴിൽ പ്രകാരം മിനിമം വേതന വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽപറഞ്ഞ വേതന കരാറിന്റെ കാലാവധി 31.12.2014-ന് അവസാനിച്ചതിനെ തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്ന് 14.10.2015-ൽ വേതന വർദ്ധന സംബന്ധിച്ച് ധാരണയായിട്ടുണ്ട്. 2015 നവംബർ മുതൽ പ്രസ്തുത കൂലി

തൊഴിലാളികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലാണ്.

Sreelekha

സെക്ഷൻ ഓഫീസർ